ആം ആദ്മി ഇൻഷ്വറൻസ്

255 (595) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആം ആദ്മി ഇൻഷ്വറൻസ് കേരളത്തിൽ എങ്ങനെയാണ് നടപ്പിലാക്കുന്നത്, ഇതിന്റെ ഗുണഭോക്താക്കൾ ആരെല്ലാമാണ്, എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതു വഴി ലഭിക്കുന്നത് ?

ഉത്തരം

സാമൂഹിക സുരക്ഷാ പദ്ധതിയായാണ് ആം ആദ്മി ബീമാ യോജന ആവിഷ്കരിച്ചിട്ടുള്ളത്. കേരളത്തിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് ഏജൻസി കേരള (ചിയാക്) എൽ.ഐ.സി.യുമായി ചേർന്നാണ് ഈ പ്രീമിയം രഹിത ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത്.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിവിധ മേഖലകളിൽപ്പെട്ട കുടുംബങ്ങൾക്കാണ് ആം ആദ്മി ബീമാ യോജന പദ്ധതിയിൽ അംഗത്വത്തിന് അർഹതയുള്ളത്. അപേക്ഷകൻ 18-നും 59-നും വയസ്സിന് ഇടയ്ക്കുള്ള ആളായിരിക്കണം. കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഗ്രാമീണ നിർധനരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഗുണഭോക്താവ് അപകടത്തിൽ മരിക്കുകയോ സ്ഥിരമായ അംഗവൈകല്യം (കണ്ണ്, കൈകാൽ,) സംഭവിക്കുകയോ ചെയ്താൽ 75,000-രൂപയും ഭാഗിക അംഗവൈകല്യത്തിന് 37,500-രൂപയും സ്വാഭാവിക മരണത്തിന് 30,000-രൂപയും ആനുകൂല്യം ലഭിക്കുന്നതാണ് ടി പദ്ധതി. കൂടാതെ 9 മുതൽ 12 ക്ലാസ്സ് വരെ (ഐ.ടി.ഐ.ഉൾപ്പടെ) പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം100-രൂപ വീതം (ഒരു കുടുംബത്തിലെ രണ്ട് കുട്ടികൾക്ക്) സ്കോളർഷിപ്പ് ലഭിക്കുന്നു. സ്കോളർഷിപ്പ് തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വഴിയാണ് ലഭ്യമാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly